"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - സി.എഫ്.എസ്.സി ശാക്തീകരണ പദ്ധതിക്കുവേണ്ടി കരകൗശല വികസന കോർപ്പറേഷന് അനുവദിച്ച തുക അട്ടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ സി.എഫ്.എസ്.സി വർക്ക് ഷെഡിന്റെ അപകട ഭീഷണിയായി നിലനിൽക്കുന്ന മതിൽ ബലപ്പെടുത്തുന്ന ആവശ്യത്തിനും കൂടി ഉപയോഗിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.257/2024/ID തീയതി,തിരുവനന്തപുരം, 26-03-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.196/2022/വ്യവ. തീയതി: 08.03.2022.
2. 08.02.2023 തീയതിയിലെ കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ HDCK/P&A/Govt./IND-K3/2022-23/ 2667 നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം.119/2024/ID തീയതി 12.02.2024.

**ഉത്തരവ്**

അട്ടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ സി.എഫ്.എസ്.സി വർക്ക് ഷെഡിന്റെ അപകടഭീഷണിയിലായ മതിൽ ബലപ്പെടുത്തിന്നതിനായി സി.എഫ്.എസ്.സി ശാക്തീകരണ പദ്ധതിക്കുവേണ്ടി കരകൗശല വികസന കോർപ്പറേഷന് പരാമർശം (1) പ്രകാരം അനുവദിച്ച ഫണ്ട് ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ട് അനുവദിക്കുന്നതിനോ ഉത്തരവ് നൽകണമെന്ന് പരാമർശം (2) പ്രകാരം കരകൗശല വികസന കോർപ്പറേഷൻ എം ഡി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സി.എഫ്.എസ്.സി ശാക്തീകരണ പദ്ധതിക്കുവേണ്ടി കരകൗശല വികസന കോർപ്പറേഷന് പരാമർശം (1) പ്രകാരം അനുവദിച്ച് നൽകിയ തുകയിൽ അവശേഷിച്ച തുക 2021-22 സാമ്പത്തിക വർഷത്തിന്റെ അവസാനം സർക്കാർ തിരിച്ചെടുത്തിരുന്നു. തുടർന്ന് കോർപ്പറേഷന്റെ അഭ്യർത്ഥന പ്രകാരം തിരിച്ചെടുത്ത ടി തുകയിൽ നിന്നും 14 ലക്ഷം രൂപ പരാമർശം (3) പ്രകാരം കരകൗശല വികസന കോർപ്പറേഷന് വീണ്ടും അനുവദിച്ചിരുന്നു. ടി 14 ലക്ഷം രൂപ അട്ടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ സി.എഫ്.എസ്.സി വർക്ക് ഷെഡിന്റെ അപകട ഭീഷണിയായി നിലനിൽക്കുന്ന മതിൽ ബലപ്പെടുത്തുന്ന ആവശ്യത്തിനും കൂടി ഉപയോഗിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കരകൗശല വികസന കോർപ്പറേഷൻ, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വെബ് & ന്യൂമീഡിയ
സ്റ്റോക്ക് ഫയൽ (IND-K3/34/2023-IND )

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 27-03-2024 11:13:00
സെക്ഷൻ ഓഫീസർ